# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5679 18.11.2019 ൽ മറുപടിയ്ക്ക്

## വനിതകളുടേയും ശിശുക്കളുടേയും നേർക്കുള്ള അതിക്രമങ്ങൾക്കെതിരെ ക്യാമ്പയിനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വനിതകളുടേയും ശിശുക്കളുടേയും നേർക്ക് വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിന് വകുപ്പുതലത്തിൽ എന്തെങ്കിലും ക്യാമ്പയിനുകൾ ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (എ) | 1. സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷയ്ക്കായി അവബോധം സൃഷ്ടിക്കുന്നതിന് ഐ.ഇ.സി പദ്ധതിയുടെ ഭാഗമായി സ്കൂളുകൾ, അങ്കണവാടികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പോസ്റ്റർ പതിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>2. ലൈംഗികാതിക്രമങ്ങൾ തടയുന്നതിന് സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായുള്ള മാസ് ക്യാമ്പയിനിംഗ് പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>3. ലൈംഗികാതിക്രമങ്ങൾ തടയുന്നതിന് സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് പൊതു യാത്രാ സംവിധാനങ്ങളിൽ സ്റ്റിക്കർ പതിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>4. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വൺ സ്റ്റോപ്പ് സെന്ററുകളിലെ ജീവനക്കാർ മുഖേന വിവിധ തലങ്ങളിൽ അവബോധ നടപടികൾ നടത്തി വരുന്നു.<br><br>5. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ വിമൻ ആന്റ് ചിൽഡ്രൻ ഹോം താമസക്കാർക്കായി സൈക്കോളജിക്കൽ ഇന്റർവെൻഷൻ, ജീവിത നൈപുണ്യ വിദ്യാഭ്യാസം, വിവിധ തൊഴിൽ പരിശീലന പരിപാടികൾ എന്നിവ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. |

| | | | |
|---|---|---|---|
| | | | 6. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി "കരുതൽ സ്പർശം കൈകോർക്കാം കുട്ടികൾക്കായി" എന്ന പദ്ധതി 2019 ൽ ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായി ആരംഭിച്ചു.ഈ പദ്ധതിയിൽ ഉത്തരവാദിത്വപൂർണ്ണമായ രക്ഷാകർത്തൃത്വം എന്നവിഷയം ആസ്പദമാക്കി എല്ലാ പഞ്ചായത്തുകളിലും 05 വീതം പ്രത്യേക ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ കൂടുതലും കുടുംബത്തിനുള്ളിൽ നിന്നും ബന്ധുക്കളിൽ നിന്നുമാണെന്ന് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിലാണ് "കരുതൽ സ്പർശം കൈകോർക്കാം കുട്ടികൾക്കായി" എന്ന ക്യാമ്പയിൻ ആരംഭിച്ചിട്ടുള്ളത്.<br><br>7. സ്ത്രീ ശാക്തീകരണ പരിപാടിയായ 'സധൈര്യം മുന്നോട്ട്'ന്റെ ഭാഗമായി വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. പെൺകുട്ടികൾക്ക് സ്വയംരക്ഷാ പരിശീലനം സ്കൂൾ തലം മുതൽ ഡിഗ്രി തലം വരെയുള്ള വിദ്യാർത്ഥികൾക്കായി ലിംഗസമത്വം നടപ്പിൽ വരുത്തുന്നതിന് അവയർനെസ് പ്രോഗ്രാമുകൾ തുടങ്ങിയ സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ